ഭരണഭാഷ - മാതൃഭാഷ

# സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് പത്തനംതിട്ട
# ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി

വിഷയം : ഡിഇപിറ്റി- ജീവനക്കാര്യം - ശ്രീ. ജോസ് മാത്യു, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- II - അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് - അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1) 28/12/2016 ലെ ശ്രീ. ജോസ് മാത്യുവിന്റെ ഇ-മെയിൽ സന്ദേശം.
2) ഈ ഓഫീസിലെ 20/02/2017 ലെ ഇ-മെയിൽ സന്ദേശം.
3) 20/03/2017 ന് ഈ ഓഫീസിൽ നിന്നും നൽകിയ രജിസ്റ്റേർഡ് കത്ത്.
4) 31/03/2017 ലെ ഈ ഓഫീസിലെ ഇ-മെയിൽ സന്ദേശം.
5) 09/04/2017 ലെ ശ്രീ. ജോസ് മാത്യുവിന്റെ ഇ-മെയിൽ സന്ദേശം.
6) 02/05/2017 ന് ഈ ഓഫീസിൽ നിന്നും നൽകിയ രജിസ്റ്റേർഡ് കത്ത്.
7) 01/12/2017 ന് ഈ ഓഫീസിൽ നിന്നും നൽകിയ കുറ്റാരോപണ മെമ്മോ.
8) പബ്ലിക് റിലേഷൻസ് ഡയറക്ടറുടെ 19/09/2018 ലെ റിലീസിംഗ് കാർഡ് ഓർഡർ നമ്പർ എഫ്2/325/2018/ഐ & പിആർഡി.

## ഉത്തരവ് നം: എ1. 3465 /2016/ഡിഇപിറ്റി, തീയതി: 29/10/2018

തിരുവല്ല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- II ശ്രീ. ജോസ് മാത്യു, 25/01/1997 മുതൽ പല തവണകളിലായി എടുത്ത ശൃൂന്യവേതനാവധി 23/01/2017 തീയതിയിൽ അവസാനിച്ചിട്ടുള്ളതാണ്. പരാമർശം (1) ഇ-മെയിൽ സന്ദേശം വഴി 2017 ജനുവരിയിൽ അവധി അവസാനിക്കുമ്പോൾ ജോലി രാജി വയ്ക്കുവാനാലോചിക്കുകയാണെന്ന് ടിയാൻ അറിയിച്ചിരുന്നു. പ്രസ്തുത ഇ-മെയിൽ സന്ദേശത്തിന്, ആവശ്യമായ രേഖകൾ സഹിതം നേരിട്ട് ഹാജരാകുന്നതിന് പരാമർശം (2) പ്രകാരം അയച്ച ഇ-മെയിൽ സന്ദേശത്തിന് മറുപടി സമർപ്പിക്കുകയോ ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്തിട്ടില്ല. ശൃൂന്യവേതനാവധിയിൽ പ്രവേശിച്ച സമയത്ത് സൂചിപ്പിച്ചിരുന്ന വിലാസത്തിൽ പരാമർശം (3) പ്രകാരം അയച്ച രജിസ്റ്റേർഡ് കത്ത് കൈപ്പറ്റാത്തതിനാൽ തിരികെ ലഭിച്ചിരിക്കുന്നു. പരാമർശം (4) പ്രകാരം അയച്ച ഇ-മെയിൽ സന്ദേശത്തിന് മറുപടിയായി പരാമർശം (5) പ്രകാരം രാജി വയ്ക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചു കൊണ്ട് ഇ-മെയിൽ സന്ദേശം ലഭിച്ചിട്ടുണ്ട്.

ഇപ്രകാരം സർക്കാർ അനുമതിയില്ലാതെ അനധികൃത അവധിയിൽ തുടരുന്ന സാഹചര്യത്തിൽ ശ്രീ. ജോസ് മാത്യു- നെ സർവ്വീസിൽ നിന്നും താൽക്കാലികമായി നീക്കം ചെയ്യുന്നതായി അറിയിച്ചു കൊണ്ട് പരാമർശം (6) പ്രകാരം അയച്ച രജിസ്റ്റേർഡ് കത്ത്, പരാമർശം (7) പ്രകാരം അയച്ച കുറ്റാരോപണ മെമ്മോ എന്നിവ 'Addressee left India' എന്ന രേഖപ്പെടുത്തലോടു കൂടി തിരികെ ലഭിച്ചിരിക്കുന്നു. തുടർന്ന് അനുബന്ധം എച്ച്-4 നോട്ടീസ് ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടും ടിയാൻ എതിർവാദ പത്രിക സമർപ്പിക്കുകയോ പ്രതികരിക്കുകയോ ഉണ്ടായിട്ടില്ല.

ടിയാനെതിരെ കാരണം കാണിക്കൽ നോട്ടീസ് ദേശാഭിമാനി, മാധ്യമം എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതായി പരാമർശം (7) പ്രകാരം പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും അറിയിപ്പ് ലഭിക്കുകയുണ്ടായി. മാത്രമല്ല പത്രപ്പരസ്യം നൽകിയിട്ടും ടിയാൻ നാളിതു വരെ ജോലിക്ക് ഹാജരായിട്ടില്ല.